**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2181**
**18.03.2015 ലെ മറുപടിക്ക്**

**ആസ്തി വികസന ഫണ്ട്**

| ചോദ്യം.<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന് പുറമേ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം മറ്റേതെല്ലാം സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കാൻ സാധിക്കുമെന്നുള്ള വിവരം ലഭ്യമാക്കുമോ? | **(എ)** ആസ്തി വികസന ഫണ്ടിന്റെ കീഴിൽ അനുവദിച്ച പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനു പുറമേ ഗവൺമെന്റ് അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികളെക്കൊണ്ട് നടപ്പാക്കാവുന്നതാണ്. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ GO(P)408/2007/ധന തീയതി 07.09.2007 G.O(P)311/2014/ധന തീയതി 30.07.2014 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>താഴെപറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുന്നത്.<br>KITCO, KSWC, SIDCO, Nirmithi Kendra, KSCC, KPHCC, Kerala Agro Industries Coporaion, KLDC, KSHB, FIT (included vide GO(P)162/2012/Fin dated 20.03.2012) KSCADC Ltd (included vide GO(P)241/2010/Fin dated 19.4.2010. |
| (ബി) | ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ തദ്ദേശ സ്ഥാപനങ്ങൾ മുഖാന്തിരം ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ? | **(ബി)** തദ്ദേശസ്വയംഭരണ വകുപ്പുകളുടെ കീഴിൽ വരുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റപ്പെട്ടതുമായ ആസ്തികളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ LSGD വഴിയാണ് നടപ്പാക്കേണ്ടത്. എന്നാൽ ഇത്തരം ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് PWD യോ മറ്റ് അംഗീകൃത ഏജൻസികളോ തയ്യാറാക്കി ധനാനുമതിയ്ക്കായി സമർപ്പിക്കുകയാണെങ്കിൽ ആയത് ബന്ധപ്പെട്ടതദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനുമതിക്കു വിധേയമായിഡിപ്പോസിറ്റ് വർക്കായി നടപ്പാക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട സർക്കുലർ നിർദ്ദേശം 54/2014/ധന തീയതി 03.06.2014 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**സെക്ഷൻ ഓഫീസർ**